Page 1 of 2

(ഡി&ഇ) 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം എസ്.എസ്.എ. വഴി പാർട്ട്ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നല്കുന്നതിനും തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെത്തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി.

## കൊയിലാണ്ടിയിലെ വിരമിച്ച അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്കുള്ള ഡി.സി.ആർ.ജി

**89 (5163)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ/ഓഫീസുകളിൽനിന്നും വിരമിച്ച അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ പേരിൽ വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ ഓഡിറ്റിന്റെ ഭാഗമായി ബാധ്യത കണ്ടെത്തി ഡി.സി.ആർ.ജി. ലഭിക്കാത്തവരുണ്ടോ ; എങ്കിൽ എത്രപേർ ; അത് ആരെല്ലാം ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിന്റെ ഏത് സെക്ഷനാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓഡിറ്റ് തടസ്സങ്ങൾ നീക്കി ജീവനക്കാർക്ക് ഡി.സി.ആർ.ജി. റിലീസ് ചെയ്യാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ ഓഫീസിലെ ടൈപ്പിസ്റ്റ് തസ്തിക

**90 (T.5164)** ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്സിൽ ടൈപ്പിസ്റ്റ് ഇല്ലായെന്ന കാരണത്താൽ മാസങ്ങളായി ഫയലുകളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൈപ്പിസ്റ്റുകളെ നിയമിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർസെക്കന്ററി വകുപ്പിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ**

**91 (5165)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വകുപ്പിൽ നിലവിൽ എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് തങ്ങളുടെ മാതൃവകുപ്പുകളിലേക്ക് തിരികെ പോകുവാൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) താൽക്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരെ ഹയർസെക്കന്ററി വകുപ്പിൽ ഈ വർഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രപേരെ ഏതെല്ലാം തസ്തികയിൽ സ്ഥിരപ്പെടുത്തി ;

(ഇ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജീവനക്കാർ തിരികെപ്പോയാൽ പ്രസ്തുത ഒഴിവിലേക്ക് സ്ഥിരനിയമനം (പി.എസ്.സി.പ്രൊമോഷൻ) നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 22

(ബി) ഉത്തരവിറക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) 5 പേരെ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഇ) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly